**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4477** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രജീവിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവതീയുവാക്കളുടെ നൈപുണ്യ വികസനവും ജീവനോപാധിയും ലക്ഷ്യമാക്കി പട്ടിക വർഗ്ഗ വികസന വകുപ്പ് ഗോത്ര ജീവികാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. 2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. പട്ടികവർഗ്ഗ മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പന്തപ്ര കോളനിയിൽ ഏറ്റെടുത്ത 57 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ടി ഗ്രൂപ്പുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. 57 സംഘങ്ങൾ മുഖേന രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ കെട്ടിട നിർമ്മാണ രംഗത്ത് പങ്കെടുപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച സംഘങ്ങൾക്ക് അവരവരുടെ തൊഴിൽ മേഖലകൾക്ക് അനുസരിച്ച് പണി ആയുധങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനായി പ്രത്യേക ഫണ്ട് |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 1050 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഗോത്രജീവിക പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ രൂപീകരിച്ച സ്വയം സഹായ സംഘങ്ങളുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; കൂടുതൽ യുവതീയുവാക്കളെ ഗോത്ര ജീവികയിൽ ഉൾപ്പെടുത്തി പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. 2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. പട്ടികവർഗ്ഗ മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പന്തപ്ര കോളനിയിൽ ഏറ്റെടുത്ത 57 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ടി ഗ്രൂപ്പുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. 57 സംഘങ്ങൾ മുഖേന രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ കെട്ടിട നിർമ്മാണ രംഗത്ത് പങ്കെടുപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച സംഘങ്ങൾക്ക് അവരവരുടെ തൊഴിൽ മേഖലകൾക്ക് അനുസരിച്ച് പണി ആയുധങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 1050 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഗോത്രജീവിക പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ